**പതിമൂന്നാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 984      11.03.2015 ലെ മറുപടിക്ക്

**പട്ടികജാതി പ്രൊമോട്ടർമാർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.രാധാകൃഷ്ണൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | ആകെ എത്ര പട്ടികജാതി പ്രൊമോട്ടർമാർ പ്രവർത്തിക്കുന്നുവെന്നും അവർക്ക് നൽകിവരുന്ന അലവൻസ് എത്രയാണെന്നും പറയാമോ; | (എ) | പട്ടികജാതി പ്രമോട്ടർമാരായി 1183 പേരെ നിയമിച്ചിട്ടുള്ളതിൽ 91 പേർ പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ റസിഡന്റ് ട്യൂട്ടറുടെ ചുമതല വഹിക്കുന്നവരാണ്. റസിഡന്റ് ട്യൂട്ടറുടെ ചുമതല വഹിക്കുന്നവർക്ക് 4500 രൂപയും മറ്റുള്ളവർക്ക് 4000 രൂപയുമാണ് പ്രതിമാസം ഓണറേറിയം നൽകുന്നത്. |
| (ബി) | ഈ വർഷം ഇവരെ പിരിച്ചുവിട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | 2014 ഡിസംബർ 31-ന് നിലവിലുള്ള പ്രമോട്ടർമാരുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ പ്രമോട്ടർമാരെ നിയമിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. പുതിയ പ്രമോട്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി അവർ ജോലിയിൽ പ്രവേശിക്കുന്നതു വരെ നിലവിലുള്ള പ്രമോട്ടർമാരെ തുടരാൻ അനുവദിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ അതിനുള്ള കാരണങ്ങളെന്താണെന്ന് പറയാമോ; | | |
| (ഡി) | പട്ടികജാതി വികസന പ്രവർത്തനങ്ങളിൽ പ്രൊമോട്ടർമാരുടെ സേവനം പൂർണ്ണമായും നില നിർത്തുവാനും അവർക്ക് നൽകി വരുന്ന അലവൻസ് വർധിപ്പിക്കുവാനും നടപടികൾ സ്വീകരിക്കുമോയെന്നറിയിക്കുമോ ? | (ഡി) | ഒരു വർഷക്കാലയളവിലേക്ക് ഓണറേറിയം വ്യവസ്ഥയിൽ താല്ക്കാലിക അടിസ്ഥാനത്തിലാണ് പട്ടികജാതി പ്രമോട്ടർമാരെ നിയമിക്കുന്നത്. പ്രമോട്ടർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ